# INFLUENCE OF DARŚANAS ON LITERATURE

*Edited by*

**Dr. S. GEETHAMONY AMMA**
**Dr. V. PRAMEELA KUMARI**

Scanned with CamScanner

# INFLUENCE OF DARŚANAS ON LITERATURE

*Edited by*

Dr.S.GEETHAMONY AMMA
&
Dr.V.PRAMEELA KUMARI

PARIMAL PUBLICATIONS
DELHI

Scanned with CamScanner

*Published by*
PARIMAL PUBLICATIONS
Office : 27/28, Shakti Nagar, Delhi-110007 (INDIA)
Retail Outlet : 22/3, Shakti Nagar, Delhi-110007 (INDIA)
ph. : +91-11-23845456, 47015168
e-mail : order@parimalpublication.com
url : http://www.parimalpublication.com

© Author

**First Edition : Year 2018**

**ISBN : 978-81-7110-611-0**

**Price : ₹ 350.00**

*Printed at*
**Balajee Imaging Systems**
Wazirpur Village, Delhi-52

Scanned with CamScanner

## Contents


1. ഉദ്ഘാടനഭാഷണം — 1
   ഡോ.കെ. മഹേശ്വരൻ നായർ

2. ഭാരതീയദർശനങ്ങൾ ഇന്ത്യൻസാഹിത്യത്തിൽ — 3
   ഡോ.സി.രാജേന്ദ്രൻ

3. काव्यं कान्तासंमिततया उपदेशयुजे — 9
   डॉ.वि. वासुदेवन्

4. दर्शनानां प्रभावः भवभूतिकृतिषु — 16
   प्रोफ.आर.आनन्दन्

5. हिन्दी साहित्य पर भारतीय दर्शन का प्रभाव — 22
   डॉ.सी.जे प्रसन्नकुमारी

6. Philosophy of Sree Ramakrishna as Depicted in the Sanskrit Mahakavya Dharmasagara — 30
   Dr.L.Sulochana Devi

7. Philosophical Perspectives in Jivanandanam — 36
   Dr.K. Muthulekshmi

8. Mimamsa and Sanskrit Aesthetics — 39
   Dr.V.R. Muralidharan

9. कामायनी का दार्शनिक-पक्ष — 43
   डॉ.के. श्रीलता

10. अद्वैतदर्शनसमीक्षा - भजगोविन्दे — 50
    डॉ.एस.गीतामणि अम्म

11. नारायणीये अद्वैतदर्शनस्य प्रभावः — 54
    डॉ.एस. शोभना

12. ഭക്തിയും അദ്വൈതവും-ശങ്കരാചാര്യരുടെ സ്തോത്രകൃതികളിൽ — 62
    മഹേശ്വരിപിള്ള.എസ്.

13. Darsanas and Sanskrit Kavyas — 67
    Dr. Susanth. S.


Scanned with CamScanner

14. ആശാൻകൃതികളിലെ ബുദ്ധദർശനം - ഒരു സാമാന്യാവലോകനം 73
ഡോ.എം.ആർ.ഷെല്ലി

15. महादेवी वर्मा के काव्यों में रहस्यवादी दर्शन 79
डॉ.जिषा पी.

16. ശാങ്കരദർശനത്തിന്റെ പൊരുൾ ജാതിക്കുമ്മിയിൽ 83
ഡോ.ഷീജ. ആർ.എസ്.

17. വേദാന്തചിന്തയുടെ കാവ്യപ്രമേയങ്ങൾ 89
ഡോ.ജി.രഘുകുമാർ കുടവട്ടൂർ

18. 'ചിന്താവിഷ്ടയായ സീത'യിലെ ദാർശനികത 94
ഡോ. കിരൺ എ.യു.

19. Dramatization of Darsanas 98
Dr. Smitha Sabu

20. ബൗദ്ധദർശനത്തിന്റെ പുനർവിചിന്തനം - 107
'ഞാനും ബുദ്ധനും' എന്ന നോവലിൽ
ഡോ. സുവർണ്ണനി ദേവി. ഇ.

21. Philosophy Reflected in Court Epics of Kalidasa 111
Dr. Susmi Sabu

22. Influence of 'Saivism on Sri Narayanaguru' 115
Dr. Divya Subran

23. ആർഷജ്ഞാനത്തിലെ ബ്രഹ്മാണ്ഡസങ്കല്പം 119
ഡോ.താര എസ്.എസ്.

24. शुद्धाद्वैत दर्शन और कवि सूरदास 124
डॉ.कविता राज एन.

25. Influence of Advaita Philosophy in Sopananrtta 128
Dr.M.Bijimol

26. ഹരിനാമകീർത്തനത്തിലെ ഓങ്കാരോപാസന 131
സിന്ധു.സി.എസ്

27. प्रेमचंद के कथा-साहित्य में 'सत्यम् शिवम् सूंदरम्' की परिकल्पना 136
अश्वती.एस.

Scanned with CamScanner

28. പൂന്താനം കൃതികളിൽ പ്രതിഫലിക്കുന്ന ദാർശനികത 139
ഡോ. ജയലക്ഷ്മി. വി.

29. समकालीन हिन्दी निबंध-साहित्य और दर्शन 143
दिव्या. वि.एल.

30. Influence of Darsanas on the Western Literature and Media 146
Sreekuttan. S.

31. Naiyayika's Theory of Anumana and its Influence in Poetics 152
Ashitha. R.K.

32. ബുദ്ധമതസാന്നിധ്യം സഹോദരൻ അയ്യപ്പന്റെ പദ്യകൃതികളിൽ 156
സൗമിത്ത്. എസ്.

33. വീണപൂവിലെ അദ്വൈതദർശനസാന്നിധ്യം 162
രശ്മി. റ്റി.ആർ.

34. Influence of Mahayana Buddhism in Tilopa's Song of Mahamudra 168
Vishnu. V.S.

35. सांख्यदर्शनस्य प्रभावः नैषधीयचरिते 174
अञ्जु. जे.

36. Gitanjali: A Distant Conception made an Up-close Perception 180
Ananthan. K.P.

37. ഭജഗോവിന്ദത്തിലെ അദ്വൈതദർശനപ്രഭാവം 184
അരുൺ പ്രസാദ്. ആർ.

38. Advaitic Textures in Valmiki Ramayana : An interpretation 188
Ananya. K.P.

39. ബൗദ്ധദർശനം - കരുണയിൽ 192
നിതിൻ. എസ്സ്. പ്രകാശ്

Scanned with CamScanner

# “ശാങ്കരദർശന”ത്തിന്റെ പൊരുൾ ജാതിക്കുമ്മിയിൽ

ഡോ.ഷീജആർ.എസ്.

സാംസ്കാരിക സമന്വയ പാരമ്പര്യത്തിനുവേണ്ടി നിലകൊള്ളുകയും വേദാന്ത പദ്ധതികളിലൂടെ ഹിന്ദുമതത്തിലെ അനൈക്യത്തെ ഇല്ലാതാക്കി പ്രാമാണ്യം ഉറപ്പാക്കുകയും ചെയ്ത ഹൈന്ദവാചാര്യന്മാരിൽ ശ്രേഷ്ഠനാണ് ശങ്കരാചാര്യർ. മനുഷ്യാത്മാവും ബ്രഹ്മവും തമ്മിലുള്ള അദ്വൈത ാവത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനമായിരുന്നു അദ്ദേഹത്തിന്റേത്.

വിശ്വദർശനത്തിന് ഭാരതം നൽകിയ സംഭാവനകളിലൊന്നാണ് ശ്രീ ശങ്കരന്റെ അദ്വൈത വേദാന്തദർശനം. പരമാർത്ഥസത്തയുടെ അന്വേഷണമാണതിൽ. ഭേദബുദ്ധിക്കോ അവിദ്യയ്ക്കോ അവിടെ സ്ഥാനമില്ല. സർവ്വജ്ഞനെന്ന് പേരെടുത്ത ശങ്കരാചാര്യർ സർവ്വജ്ഞപീഠം കയറാൻ പോകുമ്പോൾ ശ്രീ പരമേശ്വരൻ പരീക്ഷിച്ചതായാണ് പറയപ്പെടുന്നത്. ശങ്കരാചാര്യരുടെ ‘മനീഷാപഞ്ചക’ത്തിൽ മനുഷ്യർക്കു തമ്മിൽ യാതൊരു വ്യത്യാസവുമില്ലായെന്നും എല്ലാപേരും പരസ്പരം സ്നേഹത്തോടെ ഏകീഭവിച്ചു ജീവിക്കണമെന്നുമുള്ള സന്ദേശമാണ് അടങ്ങിയിരിക്കുന്നത്.

‘മനീഷാപഞ്ചക’ത്തിന്റെ ഉത്ഭവത്തെപ്പറ്റിയുള്ള കഥയിതാണ്. ഒരു പുലർവേളയിൽ ശങ്കരാചാര്യർ ഗംഗാനദിയിൽ കുളികഴിഞ്ഞ് ക്ഷേത്രത്തിലേയ്ക്ക് പോവുകയായിരുന്നു. കാശിവിശ്വനാഥക്ഷേത്രത്തിന്റെ പരിസരമാണ് സ്ഥലം. വഴിക്കുവച്ച് അദ്ദേഹം ഒരു പറയനെ കാണാനിടയായി. ശങ്കരാചാര്യരെ പരീക്ഷിക്കാനായി വേഷം മാറിയെത്തിയ പരമശിവനായിരുന്നു അത്. പറയനെ കണ്ടപ്പോൾ‘വഴിമാറിപ്പോകാൻ’ ശങ്കരാചാര്യർ ആഞ്ജാപിച്ചു. ഇതു കേട്ട പറയൻ പറഞ്ഞു, ‘എന്റെ ദേഹം അങ്ങയുടെദേഹത്തിൽ നിന്ന് അകന്നു പോകണമെന്നോ? എന്റെ ആത്മാവു അങ്ങയുടെ ആത്മാവിൽ നിന്നും അകന്നു പോകണമെന്നോ? എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത്? ദേഹം ദേഹത്തു നിന്ന് മാറണമെങ്കിൽ ഒരു കാര്യം ഓർമ്മിക്കണം-അങ്ങയുടെ ദേഹം പഞ്ചഭൂത നിർമ്മിതമാണ്. എന്റെ ദേഹവും അങ്ങനെ തന്നെ. ആ സ്ഥിതിക്കു മാറിപ്പോകാൻ പറയുന്നതിൽ അർത്ഥമുണ്ടോ? അങ്ങയുടെ ആത്മാവും എന്റെ ആത്മാവും മാത്രമല്ല സകല ആത്മാക്കളും ഒന്നാണ്. അപ്പോൾ ആത്മാവ് ആത്മാവിൽ നിന്ന് അകലുന്നതെങ്ങനെ? എല്ലാവരും ഒരേ ചൈതന്യമെന്ന നിലയിൽ തുല്യരായിരിക്കുന്നു. ആര് ആരിൽ നിന്ന് മാറണമെന്നാണ് ഉദ്ദേശിക്കുന്നത്’.പരമശിവന്റെ ഈ ചോദ്യം സ്വന്തം അഞ്ജതയെ ശങ്കരനു ബോധ്യപ്പെടുത്തിക്കൊടുത്തു. ആ ബോധത്തെ (മനീഷ) ആസ്പദമാക്കി ആചാര്യർ നിർമ്മിച്ച ശ്ലോകങ്ങളാണ്. “മനീഷാപഞ്ചക”ത്തിലുള്ളത്. ഉപനിഷത്സാരസർവ്വസ്വമായ- ഉദാത്തമായ ആശയസംഹിതയുള്ള മനീഷാപഞ്ചകത്തിന് എക്കാലത്തും പ്രസക്തിയുണ്ട്. തീണ്ടൽ, തൊടീലിനെതിരായി സംസ്കൃതത്തിൽ എഴുതിയ അഞ്ചു ശ്ലോകങ്ങളും ഈ കാവ്യം എഴുതാനുണ്ടായ കാരണത്തെക്കുറിച്ചുള്ള ഉപോദ്ഘാതപാദമുൾപ്പെടെ പത്ത് ശ്ലോകം ഇതിൽ ഉൾക്കൊള്ളുന്നു. മനീഷാപഞ്ചകത്തിലെ ആശയത്തെ അടിസ്ഥാനമാക്കി പിൽക്കാലത്ത് ധാരാളം രചനകൾ ഉണ്ടായിട്ടുണ്ട്. പണ്ഡിററ് കറുപ്പൻ എഴുതിയ “ജാതിക്കുമ്മി” മനീഷാപഞ്ചകത്തിലെ ശാങ്കരദർശനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

Scanned with CamScanner